## കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

നം. 50310/ഐ.എ3/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 20/01/2015

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള നിയമസഭ - മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2011 -14) മൂന്നാമത് റിപ്പോർട്ട് - വാർഷിക, ഭരണ, ഓഡിറ്റ് - റിപ്പോർട്ടുകൾ യഥാസമയം മേശപ്പുറത്ത് വയ്ക്കുന്നത് - നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- കേരള നിയമസഭാ സെക്രട്ടറിയുടെ 25.06.14 ലെ 1124/സിപിഎൽ.2/2014/നി.സെ. നമ്പർ കത്ത്.

..........

പല സ്ഥാപനങ്ങളും ഒന്നിൽ കൂടുതൽ വർഷങ്ങളിലെ റിപ്പോർട്ടുകൾ ഒന്നിച്ച് സഭയിൽ സമർപ്പിക്കുന്നതിനുവേണ്ടി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുകയും പ്രസ്തുത റിപ്പോർട്ടുകൾക്കെല്ലാംകൂടി ഒരു ഡിലേ സ്റ്റേറ്റ്മെന്റ് നൽകുന്നതായും അല്ലെങ്കിൽ കാലതാമസത്തിന് ഒരു കാരണംതന്നെ ആവർത്തിച്ച് പറഞ്ഞിട്ടുള്ളതായും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും ഇത് ക്രമപ്രകാരമല്ലാത്തതിനാലും കാരണങ്ങൾ വിശ്വാസയോഗ്യമായിതോന്നാത്തതിനാലും ഓരോ വർഷത്തെയും റിപ്പോർട്ടുകളിൽ പ്രത്യേകം ഡിലേ സ്റ്റേറ്റുമെന്റുകൾ നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധ ചെലുത്തണമെന്ന് സമിതി സൂചന കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. സഭയിൽ സമർപ്പിക്കേണ്ട റിപ്പോർട്ടുകളുടെ ഡിലേ സ്റ്റേറ്റ്മെന്റിന്റെ 150 പകർപ്പുകളിൽ ഒരെണ്ണം ബന്ധപ്പെട്ട വകുപ്പുമന്ത്രി ഒപ്പുവയ്ക്കേണ്ടതാണെന്നും ബാക്കിയുള്ളവ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ ഒപ്പുവച്ച് സമർപ്പിക്കേണ്ടതാണെന്നുമുള്ള കാര്യങ്ങൾ ശരിയായി പാലിക്കപ്പെടുന്നില്ലെന്നും ആയതിനാൽ ഇത് കൃത്യമായി പാലിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുകയുണ്ടായി.

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്സിന്റെ 2012-13 ലെ റിവ്യൂ പ്രകാരം പല സ്ഥാപനങ്ങളും കണക്കുകൾ യഥാസമയം ഓഡിറ്റിന് വിധേയമാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി സമിതി കണ്ടെത്തി. ആയതിന് വിമുഖത കാണിക്കുന്ന സ്ഥാപനമേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ഉത്തരവാദിത്വം സമയത്ത്

നിറവേറ്റുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ അച്ചടക്കനടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

സമിതിക്ക് ലഭിക്കുന്ന മിക്ക ഡിലേ സ്റ്റേറ്റുമെന്റുകളിലും അധിക വിവരങ്ങളിലും'ഓഡിറ്റിംഗ് വൈകിയതുമൂലം', 'പ്രിന്റ് ചെയ്ത് കിട്ടാൻ വൈകിയതുമൂലം', 'നിയമസഭയിൽ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിയ്ക്കണം എന്ന കാര്യം അറിയില്ലായിരുന്നു' എന്നീ വിധത്തിലുള്ള യുക്തിസഹമല്ലാത്ത ആവർത്തിച്ചുള്ള കാരണങ്ങളാണ് കാലതാമസത്തിനുള്ള കാരണമായി പറയുന്നത്. ഇപ്രകാരമുള്ള വിശദീകരണങ്ങൾ ഒഴിവാക്കി ഡിലേക്കുള്ള യഥാർത്ഥ കാരണം വ്യക്തമാക്കണമെന്നും സമിതി ശുപാർശ ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളും നിയമസഭാസമിതി ശുപാർശ ചെയ്തിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ജയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും
(ബന്ധപ്പെട്ട വകുപ്പ മേധാവികൾ മുഖേന)
എല്ലാ വികസന അതോറിറ്റികൾക്കും
തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും/ഓഫീസർമാർക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ